"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷി വകുപ്പ് - ജീവനക്കാര്യം - വിരമിത കൃഷി ഓഫീസർ ശ്രീ.കെ.ഐ.അനിയുടെ സസ്പെൻഷൻ കാലയളവുകൾ ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.163/2026/AGRI തീയതി,തിരുവനന്തപുരം, 17-02-2026

---

പരാമർശം:-

1. സ ഉ (സാധാ) നം.1189/2008/കൃഷി തീയതി 23.06.2008
2. സ ഉ (സാധാ) നം. 1655/2008/എഡി തീയതി 22.08.2008
3. സ.ഉ. (സാധാ) നം.21/2009/എഡി തീയതി 03.01.2009
4. C No.25/2009 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ 20.01.2009 ലെ വിധിന്യായം
5. സ.ഉ.(സാധാ) നം. 1127/2012/എഡി തീയതി 22.05.2012
6 സ.ഉ. (സാധാ) നം.2098/2013/എഡി തീയതി 29.11.2013
7. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 17.10.2024, 17.03.2025 ,31.10.2025 തീയതികളിലെ ADFW/14046/2023-SD3 നമ്പർ കത്തുകൾ
8. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 17.10.2025 ലെ ADFW/14046/2023-SD3 നമ്പർ നടപടി ക്രമം
9. വിരമിത കൃഷി ഓഫീസർ ശ്രീ.കെ.ഐ.അനിയുടെ 25.01.2026 ലെ അവധി അപേക്ഷ

<u>ഉത്തരവ്</u>

1. കൃഷി ഓഫീസർ തസ്തികയിൽ നിന്നും 31.05.2015 ന് വിരമിച്ച ശ്രീ.കെ.ഐ.അനിയുടെ സേവന കാലയളവിൽ ടിയാൻ 3 പ്രാവശ്യം സസ്പെൻഷനിൽ ആയിട്ടുണ്ടെന്നും ആദ്യതവണ 16.06.2004 മുതൽ 05.01.2005 വരെയും, രണ്ടാമത്, ഓറഞ്ച് & വെജിറ്റബിൾ ഫാം, നെല്ലിയാമ്പതിയിലെ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ടിയാളെ പരാമർശം (1) പ്രകാരം സസ്പെന്റു ചെയ്യുകയുണ്ടായി എന്നും തുടർന്ന് പരാമർശം (2) പ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ തിരികെ ജോലിയിൽ പ്രവേശിപ്പിച്ചുവെന്നും ശ്രീ.കെ.ഐ.അനിയുടെ ഓറഞ്ച് & വെജിറ്റബിൾ ഫാം, നെല്ലിയാമ്പതിയിലെ അച്ചടക്ക നടപടി 5,520/- രൂപ ഈടാക്കിക്കൊണ്ട് ഒരു

ഇൻക്രിമെന്റ് ഒരു വർഷത്തേക്ക് without cumulative effect (സഞ്ചിത പ്രാബല്യമില്ലാതെ) തടഞ്ഞുകൊണ്ടും പരാമർശം (5) പ്രകാരവും ഉത്തരവായിട്ടുണ്ടെന്നും മൂന്നാമത് ടിയാനെ പരാമർശം (3) പ്രകാരം നെല്ലിയാമ്പതി ഫാമിലെ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ സസ്പെന്റ് ചെയ്യുകയും പരാമർശം (6) ഉത്തരവ് പ്രകാരം തിരികെ ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്തുവെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ആയതിനാൽ ടി സസ്പെൻഷൻ കാലയളവ് അർഹവും അനുവദനീയവുമായ അവധിയായോ ശ്യൂന്യവേതനാവധിയായോ ക്രമീകരിച്ചു നൽകണമെന്ന് പരാമർശം (7) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് അഭ്യർത്ഥിക്കുകയുണ്ടായി.

2. കൊല്ലം കരീപ്ര കൃഷി ഭവനിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് സസ്പെൻഡ് ചെയ്ത ശ്രീ.കെ.ഐ.അനിയുടെ , ടി വിഷയത്തിലുള്ള അച്ചടക്ക നടപടി , ടിയാന്റെ ബാധ്യത ആയി കണ്ടെത്തിയ 61,848 /- രൂപ ഡി സി ആർ ജി യിൽ നിന്ന് ഈടാക്കുവാനും സസ്പെൻഷൻ കാലയളവായ 16.06.2004 മുതൽ 05.01.2005 വരെ ടിയാൻ കൈപറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി അർഹതപ്പെട്ട അവധിയായി ക്രമപ്പെടുത്താനും ഉത്തരവായി കൊണ്ട് പരാമർശം (8) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ തീർപ്പാക്കിയിരുന്നു.

3. കൂടാതെ, ശ്രീ.കെ.ഐ.അനി യുടെ രണ്ടാംഘട്ട സസ്പെൻഷൻ കാലയളവായ 23.06.2008 മുതൽ 02.01.2009 വരെയുള്ള സസ്പെൻഷൻ കാലയളവും,മൂന്നാം ഘട്ട സസ്പെൻഷൻ കാലയളവായ 03.01.2009 മുതൽ 24.07.2014 വരെയുള്ള സസ്പെൻഷൻ കാലയളവും ക്രമീകരിക്കുന്നതിനായി പരാമർശം (9) പ്രകാരം അവധി അപേക്ഷ സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 03.01.2009 മുതൽ 25.07.2014 വരെയുള്ള സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നതിലേയ്ക്കായി ശ്രീ.കെ.ഐ.അനി സമർപ്പിച്ച പരാമർശം (9) അവധി അപേക്ഷയുടെ അടിസ്ഥാനത്തിലും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും, പരാമർശം (5) ഉത്തരവ്, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ പരാമർശം (8) നടപടിക്രമം എന്നിവയിൽ വ്യക്തമാക്കുന്ന ബാധ്യത ഈടാക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ , വിരമിത കൃഷി ഓഫീസർ ശ്രീ.കെ.ഐ.അനി യുടെ രണ്ടാംഘട്ട സസ്പെൻഷൻ കാലയളവായ 23.06.2008 മുതൽ 02.01.2009 വരെയുള്ള സസ്പെൻഷൻ കാലയളവ് ബഹു.ഹൈക്കോടതിയുടെ പരാമർശം (4) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ഡ്യൂട്ടിയായി ക്രമീകരിച്ചും ടിയാന്റെ മൂന്നാം ഘട്ട സസ്പെൻഷൻ കാലയളവായ 03-01-2009 മുതൽ 28-11-2013 വരെ ഉള്ള സസ്പെൻഷൻ കാലയളവും 29-11-2013 മുതൽ 24-07-2014 വരെ ഉള്ള ഇടവേളയും (25-07-2014 ന് തിരികെ

ജോലിയിൽ പ്രവേശിച്ചിട്ടുള്ളതിനാൽ) **03.01.2009** മുതൽ **19.03.2009** വരെ അർദ്ധ വേതനാവധിയായും **20.03.2009** മുതൽ **13.01.2010** വരെ ആർജ്ജിതാവധിയായും **14.01.2010** മുതൽ **24.07.2014** വരെ ശൂന്യ വേതനാവധിയായും ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെലീന.എ

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ശ്രീ.കെ.ഐ.അനി, കൃഷി ഓഫീസർ (റിട്ട.) കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് **(3116569/Agri-A1/86/2025-FIN dated:05.12.2025)**
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ സഞ്ചയം/ഓഫീസ് കോപ്പി **( AGRI-EA3/61/2024-AGRI)**

ഉത്തരവിൻ പ്രകാരം

Eswathi

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ -യ്ക്ക്.